പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1509 — 10-02-2020-ലെ മറുപടിയ്ക്ക്

## കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.ടി.ജെ. വിനോദ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2019 ഡിസംബർ 31 വരെ കാർഷിക വായ്പകൾക്ക് മോറട്ടോറിയം നീട്ടാൻ 2019 മാർച്ച് 5 ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനം എടുത്തിരുന്നോ എന്നറിയിക്കാമോ; | (എ) | തീരുമാനം എടുത്തിരുന്നു. |
| (ബി) | പ്രസ്തുത തീരുമാനം ഉത്തരവായി ഇറങ്ങുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (ബി) & (സി) | 05.03.2019-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 07.03.2019-ൽ കൃഷി വകുപ്പിൽ നിന്നും സ.ഉ.(കൈ) നം.41/2019/കൃഷി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിന് കഴിഞ്ഞില്ല. മന്ത്രിസഭായോഗ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം പൊതുഭരണ വകുപ്പ് നൽകിയിട്ടുണ്ട്. |
| (സി) | ഉദ്യോഗസ്ഥർ കർഷകരുടെ പ്രശ്നങ്ങൾ വളരെ ലാഘവത്തോടെ കാണുന്നതുകൊണ്ടാണോ കർഷകരെ സംബന്ധിക്കുന്ന ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കാൻ കഴിയാതെ വന്നത് എന്നറിയിക്കാമോ; | | |
| (ഡി) | കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം വീണ്ടും നീട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെ എന്നറിയിക്കാമോ? | (ഡി) | കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്ന അവസാന തീയതി 2020 മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**